'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമവികസന വകുപ്പിനു കീഴിലുള്ള കൊട്ടാരക്കര വികസന പരിശീലന കേന്ദ്രത്തിലെ ഫാം തൊഴിലാളികളായ ശ്രീ. രാധാകൃഷ്ണ പിള്ള എസ്., ശ്രീ. മുരളീധരൻപിള്ള ബി. എന്നിവർക്ക് പ്രസ്തുത തസ്തികയിൽ സ്ഥിരനിയമനം നൽകിയ 01.01.1997 പ്രാബല്യത്തിൽ നോഷണലായി ശമ്പളം നിർണ്ണയിച്ച് സ്ഥിരപ്പെടുത്തൽ ഉത്തരവ് തീയതിയായ 20.12.2005 മുതൽ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകുന്നതിന് അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2513/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 09/11/2019

---

പരാമർശം:- 1 ഗ്രാമവികസന കമ്മീഷണറുടെ 20.12.2005-ലെ 9079/എസ്റ്റാ-ബി4/2003/സി.ആർ.ഡി. നമ്പർ ഉത്തരവ്

2 25.09.18-ലെ സ.ഉ.(സാധാ)നം.2496/2018/ത.സ്വ.ഭ.വ.

3 ഗ്രാമവികസന കമ്മീഷണറുടെ 01.03.90-ലെ 18826/എസ്റ്റാ-ബി4/17/സി.ആർ.ഡി. നമ്പർ കത്ത്.

<u>ഉത്തരവ്</u>

ഗ്രാമവികസന വകുപ്പിന് കീഴിലുള്ള കൊട്ടാരക്കര വികസന പരിശീലന കേന്ദ്രത്തിലെ റിട്ടയേർഡ് ഫാം തൊഴിലാളിയായ ശ്രീ. ബി. ശിവരാജൻ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത TA 1771/2012 നമ്പർ കേസിൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ടിയാനെ സ്ഥിരപ്പെടുത്തിയ തീയതി (01/01/1995) മുതൽ പ്രാബല്യത്തിൽ സർവ്വീസ് ആനുകൂല്യങ്ങൾ നോഷണലായി അനുവദിച്ച് 08/02/2005 മുതൽ 31/01/2007 വരെയുള്ള ശമ്പള കുടിശ്ശിക അനുവദിച്ച് നൽകിയിരുന്നു. ടി നടപടിക്ക് പരാമർശം(2) പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

(2) ടിയാനെ സ്ഥിരപ്പെടുത്തിയ അതേ മാനദണ്ഡ വ്യവസ്ഥ പ്രകാരം സ്ഥിരപ്പെടുത്തിയിട്ടുള്ള ഫാം തൊഴിലാളികളായ ശ്രീ. രാധാകൃഷ്ണ പിള്ള എസ്, ശ്രീ. മുരളീധരൻ പിള്ള ബി. എന്നിവർക്കും പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്ഥിര നിയമനം ലഭ്യമായ തീയതി മുതൽ പ്രാബല്യത്തിൽ ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് വികസന പരിശീലന കേന്ദ്രം പ്രിൻസിപ്പൽ സമർപ്പിച്ച പ്രൊപ്പോസൽ പരാമർശം (3) പ്രകാരം ഗ്രാമവികസന കമ്മീഷണർ സർക്കാരിൽ സമർപ്പിച്ചിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊട്ടാരക്കര വികസന പരിശീലന കേന്ദ്രത്തിലെ കാഷ്വൽ തൊഴിലാളികളായിരുന്ന ശ്രീ. എസ്. രാധാകൃഷ്ണ പിള്ള, ശ്രീ. മുരളീധരൻ പിള്ള ബി. എന്നിവരെ പരാമർശം (1) പ്രകാരം 1.1.1997 മുതൽ പ്രാബല്യത്തിൽ സർവ്വീസിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. അതിനാൽ ഇവർക്ക് 01.01.1997 മുതൽ നോഷണലായി

൮

ശമ്പളം നിർണ്ണയിച്ച്, ഉത്തരവ് പുറപ്പെടുവിച്ച തീയതിയായ 20.12.2005 മുതൽ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകുവാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ ഡി**
**ജോയിന്റ് സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ, വികസന പരിശീലന കേന്ദ്രം, കൊട്ടാരക്കര, കൊല്ലം
ശ്രീ.എസ്. രാധാകൃഷ്ണ പിള്ള, ഫാം ലേബറർ, വികസന പരിശീലന കേന്ദ്രം, കൊട്ടാരക്കര (പ്രിൻസിപ്പൽ മുഖേന)
ശ്രീ.മുരളീധരൻ പിള്ള ബി. ഫാം ലേബറർ, വികസന പരിശീലന കേന്ദ്രം, കൊട്ടാരക്കര (പ്രിൻസിപ്പൽ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ജി. &.എസ്. എസ്. എ./ഇ. &.ആർ. എസ്. എ.), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (25.09.2019-ലെ ഡെവ-1/137/2019-ധന കമ്പ്യൂട്ടർ നമ്പർ : 1213321 പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂമീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ